64-ാമത് കേരള സ്കൂൾ കലോത്സവം, തൃശ്ശൂർ ★ പ്രോഗ്രാം കമ്മിറ്റി ★
തിയ്യതി.....................

# "ഒരു ആത്മബന്ധം"

കാലം മറന്ന കാല്പാടുകൾ പലപ്പോഴും മനസ്സിന്റെ ആഴങ്ങളിൽ നിന്നും കുത്തിയൊലിക്കുന്ന രക്തക്കറയായി അവശേഷിക്കാറുണ്ട്. ജീവരക്തവും ജീവനാഡികളും ചാലുകീറിയ ഇടവഴികൾ പോലെ മാംസപേശികളെ കീറിമുറിച്ചു നിൽക്കുമ്പോഴും ഓർമ്മച്ചെപ്പിന്റെ മനം പിരട്ടിയ ദുർഗന്ധം ദൂരിക്കു മുക്കിലെ കനത്ത നിർജ്ജീവഭാരമായി നമ്മെ മാറ്റാറുണ്ട്. മറ്റുചിലപ്പോൾ അറിയാതെ വിരിയുന്ന മന്ദഹാസപുഷ്പങ്ങളായും. പുലരിയിൽ വിരിയുന്ന പൂക്കളെ പോലെ, അവ പ്രതീക്ഷയുടെ അനന്തതയിൽ ഉണരുന്നുവെങ്കിലും, വിധിയുടെ തീനാളം അവ ചുട്ടുചാമ്പലാക്കി മണ്ണിലേക്കലക്കും.

മഞ്ഞുകണങ്ങൾക്കുമേൽ വിരിയുന്ന സൂര്യതേജസ്സും, നക്ഷത്ര പ്രഭകൾക്കു മധ്യേ തേജസ്സുകാരനായ ചന്ദ്രനും നടുവിൽ, 'ഒരു മനുഷ്യക്കോലം' ജീവിച്ചുമരിക്കുന്നു. ജീവിതം നൽകിയ മുറിപ്പാടുകൾ നെഞ്ചിലേറ്റി നടക്കുന്ന അദ്ദേഹത്തെ പാതിമുറിഞ്ഞ വരികൾ എന്ന് അഭിസംബോധന ചെയ്യാം. കണ്ണുനീരിന്റെ നീർക്കണത്തിൽ മുങ്ങിപ്പൊട്ടിയ കൺപീലികളും അതിനു നടുവിലായി ശോഭിച്ച നയനഗോളവും. സ്നേഹമെന്നത് ജീവിത വീഥിയിൽ അന്വർത്ഥമാക്കുവാൻ കൊതിക്കുമ്പോഴും ഭൂതകാലത്തിന്റെ കയ്പേറിയ സംഭാവനകൾ തടയിടും

വർഷം 2001. പുതുപ്പുറത്തുകാരി രമ രമേശിന്റെ ജീവിതവീചിയിൽ കാല്പാടു പതിപ്പിച്ചു. ഒരുമിച്ചു താണ്ടി നടന്ന വഴികളിൽ യാതൊന്നിനെയും ഭയപ്പെടാതെ, ഏകാന്തതയില്ലാതെ അവർ നീങ്ങുകയാണ്. കായലോരത്തെ തോണിക്ക് തുഴയില്ലാതെ പറ്റില്ലെന്ന പോലെ രണ്ടു ശരീരങ്ങളും ഒരു ഹൃദയവുമായി കഴിയുന്നവർ. ജീവിതം തളിരണിഞ്ഞു തീരുന്നതിനിടയിൽ അവരിലും വിരിഞ്ഞു കുഞ്ഞുമോഹം. ഒരു കുഞ്ഞിക്കാല്. കാത്തിരിപ്പിനൊടുവിലും, അവർക്കൊരു കുഞ്ഞു പിറന്നു. തറയിലും തലയിലും വെക്കാതെ, നോവറിയിക്കാതെ വളർത്തിക്കൊണ്ടുവന്ന അവന്റെ നേരെ ദൈവങ്ങളിലും മാതാപിതാക്കളുടെ പ്രാർത്ഥന കൂട്ടായുണ്ടായിരുന്നു.

അങ്ങനെയിരിക്കെ, ഒരു നാൾ സ്നേഹത്തിന്റെ നിറം മങ്ങാൻ തുടങ്ങുന്നതായി അയാളുടെ ശ്രദ്ധയിൽപ്പെട്ടു. പതിവായി കുളിച്ചു പൊട്ടുതൊട്ടു വരുന്ന അവൾ, ബാധപിടിച്ച കാളിയെ പോലെ സദാ മൊബൈലിലാണ്. ശാസ്ത്രത്തിന്റെ വിജയത്തിൽ തുറുപ്പുചീട്ടായ ഒന്ന്. "കാലം മാറുമ്പോൾ കോലവും മാറണം". അങ്ങനെയല്ലേ 'പുതുമൊഴി'. അതിനാൽ അതേ കാര്യമായെടുത്തില്ല. പക്ഷേ, കല്യാണപ്പുതുമനിറഞ്ഞ ഓർമ്മ ബാക്കിയാക്കി ജീവിക്കുന്ന പെട്ടി മാലിന്യക്കൂമ്പാരത്തിൽ കണ്ടതോടെ കാലിനടിയിലെ മണ്ണ് ചുട്ടുപൊള്ളുന്ന പോലെ. കല്യാണ ഫോട്ടോയിൽ നിന്നും തന്റെ തലവെട്ടി മാറ്റിയിരിക്കുന്നു. തീവിഴുങ്ങിയ ചില ഓർമ്മകളും അതിലാ

യുണ്ട്. ശിരസ്സിൽ നിന്നും തലവേർപെട്ട പോലെയൊരു തോന്നൽ. കുഞ്ഞുനാൾക്കു തന്നെ അനാഥനായ തനിക്ക് ആകെയുള്ളത് അവളായിരുന്നു. എല്ലാമായവൾ. മുഖത്തെ പേശികൾ വലിഞ്ഞു മുറുകി. നാഡികളിൽ ഇരുട്ടുപരക്കും പോലെ. യാതൊന്നുമാലോചിക്കാതെ അദ്ദേഹം ഉള്ളിലേക്കു നടന്നുകയറി. ഒന്നും സംഭവിക്കാത്ത പോലെ. ദേശപ്പുറത്തു വിരിച്ചിട്ട കരിമ്പടം പോലെ കാലന്റെ കണ്ണുകൾ മൊബൈലായി തെളിയുന്നു. നിമിഷങ്ങൾക്കകം അതിനടുത്തെത്തിയ അദ്ദേഹം കാണുന്നത്, സ്ക്രീനിലെ കുടുംബ ഫോട്ടോയ്ക്കു മുകളിൽ നേർത്ത ശബ്ദത്തോടെ തെളിഞ്ഞുവന്ന മെസ്സേജായിരുന്നു. രൂപേഷ് എന്ന പേരിൽ വന്ന ആ മെസ്സേജ് കണ്ട് അദ്ദേഹം തളർന്നുമരവിച്ചു. അതിങ്ങനെയായിരുന്നു:-

“രമ, മൈ ഡാർലിംഗ്. കൃത്യം നാളെ 10 മണിക്ക് കാണാം”

യാഥാർത്ഥ്യമല്ലെന്നു പറഞ്ഞുപഠിപ്പിച്ചിട്ടും ഹൃദയത്തിൽ നിന്നുത്ഭവിച്ച രക്തം കണ്ണുനീർക്കണമായി പ്രകടമായി.

“സ്നേഹമെന്നത് വെറും വാക്കല്ല. മനസ്സിന്റെയുള്ളിൽ അത് ഒരേ സമയം ചിരിക്കുകയും മറ്റുചിലപ്പോൾ കരയുകയും ചെയ്യും.”

ചെവിയിൽ മുഴങ്ങിക്കേട്ട വരികൾ കണ്ഠത്തിൽ നിന്നും ഉറച്ച ശബ്ദമായി പൊട്ടിക്കരഞ്ഞുകൊണ്ടേയിരുന്നു. ശബ്ദം കേട്ടോടിയെത്തിയ ‘ഭാര്യ’ കാണുന്നത് തന്റെ ‘ഭർത്താവ്’ കരയുന്നതാണ്. പക്ഷേ, സ്വാർത്ഥമായ മനസ്സിന്റെ പിടിമുറുക്കൽ ചുറ്റുപാടുകളെ മറന്ന് കൈകളെ മൊബൈലിലേക്കടുപ്പിച്ചു. കാർമേഘപ്പുതപ്പു മാറി ആകാശം

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

തൊട്ടിയിൽ മയങ്ങും പോലെ അവളുടെ മുഖത്ത് പുഞ്ചിരി വിരിഞ്ഞതും. അതിനേക്കാൾ വേഗതയിൽ വായുവിലുയർന്ന കൈകൾ കവിൾത്തടം ലക്ഷ്യമാക്കി കുതിച്ചതും ഒരേസമയത്തായിരുന്നു. അടികൊണ്ട പാവ മറിഞ്ഞുവീഴും പോലെ വാതിൽക്കലേക്കു മറിഞ്ഞ അവൾ തേങ്ങിക്കരയുമ്പോഴും അദ്ദേഹത്തിനു കുറ്റബോധമൊന്നും തോന്നിയില്ല. ഇനിയെങ്കിലും നന്നാവുമെന്ന പ്രതീക്ഷയിൽ ഇറങ്ങിനടക്കുമ്പോഴും ഭാവിയുടെ ചെകുത്താൻ കളികൾ തലയിൽ മൊട്ടിട്ടതേയില്ല. നിശ്ശബ്ദമായ മനസ്സിനെ ദൂരേക്കു മേയാൻവിട്ട് മടങ്ങിവന്നപ്പോൾ കണ്ട കാഴ്ച അതി കഠിനമായിരുന്നു. വീടിന്നുമുറ്റത്തെ ആഡംബര വാഹനത്തിൽ വസ്തുവകകളും ഒപ്പം കുട്ടിയുമായി പോകുന്ന തന്റെ സഹധർമ്മിണിയെ ഒരുനിമിഷം നോക്കിയ അദ്ദേഹം മനസ്സിലെ കരിങ്കൽപാറ വഹിക്കുന്ന ഭാരത്തെ എടുത്തുയർത്താൻ പാടുപെടുകയായിരുന്നു. ഉറക്കെ പേരെടുത്തുവിളിച്ചെങ്കിലും നടന്നുനീങ്ങിയ കാല്പാടുകൾ പോലും മായ്ച്ചുകൊണ്ട് വാഹനം മുന്നോട്ടുനീങ്ങിയിരുന്നു.

"ഛെ! ഞാനെന്തിനിതൊക്കെയോർക്കണം?" എന്നു മനസ്സ് മന്ത്രിക്കുമ്പോഴും തോണിയും തുഴയും തീർത്ത ഓളങ്ങൾ മനസ്സിൽ മായാതെ കിടപ്പുണ്ടായിരുന്നു!. ഒപ്പം ഓമനത്തം മായാത്ത മുഖത്ത് താൻ നൽകിയ വാത്സല്യചുംബനങ്ങൾ യാതൊന്നുമറിയാതെ മാതൃകരം പുൽകി കുഞ്ഞു കാല്പാദങ്ങൾ അടിവച്ചുനീങ്ങിയതും. എന്തിനെന്നറിയാതെ കൺപീലിവിട്ടു താഴേക്കു പതിച്ച

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

കണ്ണുനീരിലും 'രമ മയം' കലർന്നിട്ടുണ്ടായിരുന്നു!

ഒറ്റപ്പെടലിന്റെ നിശ്ശബ്ദ സംഗീതങ്ങൾ പാതിമുറിഞ്ഞ വരികളെ പുൽകി കഴിഞ്ഞുപോകവെ, ഒരുനാൾ അദ്ദേഹം മുഷിപ്പു വിട്ടു പുറത്തേക്കിറങ്ങി. പ്രത്യേകിച്ച് ലക്ഷ്യമൊന്നുമില്ല. വെറുതെ നടക്കുന്നു. അവസാനം, പക്ഷേ ചലിക്കുന്ന പാദങ്ങൾ ചെന്നുനിന്നത് 'രമ നിവാസ്' എന്നെഴുതിയ ബോർഡിനുമുന്നിലായിരുന്നു. അലക്ഷ്യമായ തന്റെ മനസ്സിനെ ശപിച്ച് തിരിഞ്ഞുനടക്കാൻ തുനിഞ്ഞതും, പിറകിൽ നിന്നുതിർന്ന വിളി ഗേറ്റിൽ കരങ്ങൾ പതിപ്പിച്ചിരുന്നു. "അച്ഛാ.....!" ഒരു നിമിഷം കാലുകൾ മണ്ണിലാഴ്ന്നു പോകും പോലെ. യാതൊന്നും ചിന്തിക്കാതെ തിരിഞ്ഞുനടന്ന് കുഞ്ഞുകരം പുൽകി. തൊട്ടപ്പുറത്ത്, വില്ലുപോലെ വളഞ്ഞ മുഖം പ്രത്യക്ഷപ്പെട്ടു കണ്ടു അദ്ദേഹം. "കുഞ്ഞിനെ വൈകുന്നേരമാകുമ്പോഴേക്കും തിരികെകൊണ്ടുവരാം." ഇങ്ങനെ പറഞ്ഞു തിരിച്ചു മറുപടിയൊന്നും പ്രതീക്ഷിച്ചതുമില്ല! കിട്ടിയതുമില്ല!. ജമന്തിപ്പൂക്കൾ ജ്വലിച്ചു നിന്ന ഇടവഴികൾ കടന്ന് റോഡുവക്കത്തെത്തി. തനിക്ക് കരം പിടിച്ചുനടക്കാൻ ആരോരുമില്ലെന്ന തോന്നലിൽ നിന്നും അല്പനേരത്തെ വിശ്രമമെന്ന പോലെ തന്റെ കരം പുൽകിയ കുഞ്ഞുകരങ്ങൾ തോന്നിച്ചു തുഴയായില്ലെങ്കിലും ഒരു കുളിർമയായിരുന്നു. തൊട്ടടുത്ത കടയിൽനിന്നു മിഠായി വാങ്ങി നടന്നുനീങ്ങുമ്പോൾ തന്റെ രക്തത്തിന്റെ അതേ ചൂട് ആ കുഞ്ഞുകരങ്ങളിൽ നിന്നൊഴുകിയെത്തി. അതേ ചൂടോടെ കണ്ണുനീരും ഒഴുകുകയായി

രുന്നു. റോഡരികെത്തിയതോടെ മുറിച്ചുകടക്കാൻ കാലെടുത്തുവെച്ച കുഞ്ഞുകണ്ണുകളെ തട്ടിയെടുത്ത്, ചീറിപ്പാഞ്ഞുവന്ന ഇരുമ്പുചക്രങ്ങൾ ഓടിമറഞ്ഞു. രക്തക്കറ പറ്റിയ കാൽവിരലുകൾ നിശ്ചലമായി നിൽക്കവെ ജനസാഗരം ഒഴുകിവന്നു. "എന്റെ പൊന്നുമോനേ" എന്നു ആർത്തട്ടഹസിച്ചോടിവന്ന മാതൃമനസ്സുകളാകവെ, തൊണ്ടയിൽ തട്ടും കെട്ടിനിന്ന പേമാരി പൊട്ടിക്കരച്ചിലായി പെയ്തിറങ്ങി. നിസ്സഹായരായി നോക്കി നിന്ന ജനം ഒന്നടങ്കം വിതുമ്പുകയായിരുന്നു. മുറിവുകളൊന്നും തെന്നിനീങ്ങവെ ഒറ്റപ്പെട്ടുപോയ ആ മുറിയിൽ തെളിഞ്ഞു നിന്ന അവസാന വെട്ടവും കെട്ടണയുമ്പോഴും ഇരുട്ടിൽ ലയിച്ച കരച്ചിൽ പുഴയിൽ അലക്ഷ്യമായി നീങ്ങുന്ന തോണിയെ പോലെ ഒഴുകുകയായിരുന്നു.

"പുത്തൻ തോണികളും തുഴയും ജീവിതത്തിലേക്കു കടന്നുവരും.
പക്ഷെ, നെഞ്ചോടു ചേർത്ത തോണിയെയും തുഴയെയും
മറക്കരുത്."

ആകാശമാകുന്ന എട്ടുകാലിവലയിലെ ആരോ നക്ഷത്രവും മറ്റൊന്നിനായി തിരിതെളിക്കുമ്പോഴും വെട്ടം മങ്ങാത്ത ആ ഒറ്റമുറി വീട് കാലയവനികയ്ക്കിടയിൽ തേഞ്ഞുമാഞ്ഞു നിന്നു. പക്ഷെ, വെട്ടം തെളിക്കാൻ തിരി ലഭിച്ചില്ലെന്നു മാത്രം! ഒറ്റപ്പെട്ട മനസ്സിന്റെ നീറിപ്പുകയലുകൾ മനസ്സിലാക്കാൻ സാധിക്കാത്ത ജനം തിരിച്ചറിവിന്റെ പാതയിലേക്കു കൈപിടിച്ചുയരും വരെയും വൈരുദ്ധ്യങ്ങൾ നിലയ്ക്കുകയുമില്ല. മുറികൾക്കു വെട്ടവുമില്ല